ഗാന്ധിജയന്തിയോടനുബന്ധിച്ച് കരുവഞ്ചാൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റി ആഭിമുഖ്യത്തിൽ പുഷ്പാർച്ചന നടത്തുന്നു

ശ്രീകണ്ഠപുരം പഴയങ്ങാടി ടൗൺ ശുചീകരിക്കുന്ന മാലിക് ദീനാർ വാഫി കോളേജ് വിദ്യാർത്ഥികൾ

സർ സയ്യിദ് സ്കൂൾ എൻ.എസ്.എസ് വളണ്ടിയർമാർ താലൂക്കാശുപത്രി പരിസരം ശുചീകരിക്കുന്നു

ഗാന്ധിജയന്തി; പുഷ്പാർച്ചനയും ശുചീകരണവും നടത്തി

കരുവഞ്ചാൽ: രാഷ്ട്ര പിതാവ് മഹാത്മാഗാന്ധിയുടെ 150-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് കരുവഞ്ചാൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റി ആഭിമുഖ്യത്തിൽ ഗാന്ധിജിയുടെ ചിത്രത്തിൽ പുഷ്പാർച്ച നയും അനുസ്മരണ സമ്മേളനവും നടത്തി. അഡ്വ. സോണി സെബാസ്റ്റ്യൻ, ബിജു ഓരത്തേൽ, തോമസ് വെക്കത്താനം, പി.ടി.മാ ത്യു, ബിജു പുളിയന്തൊട്ടി, ബാബു പള്ളിപ്പുറം, വി.കെ.കൃഷ്ണൻ, അഡ്വ.പി.സുനിൽകുമാർ, അനീഷ് കണിവേലിൽ, പ്രിൻസ് പയ്യംപ ള്ളി, ജോൺ ചേന്നോത്ത്, ജോസ് വെള്ളാപ്പള്ളി, ബിജു തൃക്കോയി ക്കൽ, രതീഷ് പാച്ചേനി നേതൃത്വം നൽകി.

പാച്ചേനി: പാച്ചേനി പ്രിയദർശിനി മന്ദിരത്തിൽ പുഷ്പാർച്ചനയും പായസ വിതരണം നടത്തി. ഇ.ടി.രാജീവൻ, സുരേശൻ പച്ചേനി, പയ്യരട്ട നാരായണൻ, പി.സി.അശ്റഫ്, പി.വി.നാരായണൻ നേതൃത്വം നല്കി. പാച്ചേനി ഗാന്ധി സെന്ററിൽ വി.വി.ശാരദ പതാക ഉയർത്തി. അമ്മാനപ്പാറ ഗാന്ധി സ്തൂപത്തിൽ പുഷ്പാർച്ചനക്ക് സുരേശൻപാച്ചേനി, ആബിദ്വായാട്, കെ.തമ്പാൻ നമ്പ്യാർ നേതൃത്വം നല്കി.

ശ്രീകണ്ഠപുരം: പഴയങ്ങാടി മാലിക് ദീനാർ വാഫി കോളേജ് വിദ്യാർത്ഥികൾ ഗാന്ധി ജയന്തി ആഘോഷത്തിന്റെ ഭാഗമായി പഴയങ്ങാടി ടൗൺ ശുചീകരിച്ചു. ഉദ്ഘാടനം മുനിസിപ്പൽ വൈസ് ചെയർ പേഴ്സൺ നിഷിത റഹ്മാൻ നിർവഹിച്ചു. പ്രിൻസിപ്പൽ ഹബീബ് വാഫി ചെമ്പരിക്ക, യു.പി.മുസ്തഫ ഹാജി, പി.ടി.മുഹമ്മദ് , അബ്ദു റഹ്മാൻ സംബന്ധിച്ചു. വിദ്യാർത്ഥി യൂണിയൻ ചെയർമാൻ ഹാഫിസ് അമീൻ, ലീഡർ അൻഷാദ്, എസ്.കെ.എസ്.എസ്.എഫ് യൂണിറ്റ് പ്രസിഡണ്ട് റമീസ്, ശബീബ്, നേതൃത്വം നൽകി.

തളിപ്പറമ്പ: ജവഹർ ബാലജനവേദി തളിപ്പറമ്പ് ബ്ലോക്ക് കമ്മിറ്റി യുടെ ആഭിമുഖ്യത്തിൽ താലൂക്ക് ഓഫീസ് പരിസരം ശുചീകരിച്ചു. ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചനയും നടത്തി. ബ്ലോക്ക് വൈസ് ചെയർമാൻ സി.വി. സോമനാഥന്റെ അധ്യക്ഷതയിൽ തഹസിൽദാർ എം. മുരളി ഉദ്ഘാടനം നിർവഹിച്ചു. കെ.വി. മഹേഷ്, പി.വിനോദ് മാസ്റ്റർ, പി.വി. വൽസല, എം.എൻ. പൂമംഗലം, എ. ഗോപാലകൃ ഷ്ണൻ, പി. ഗോവിന്ദൻ സംസാരിച്ചു. ടി.പി. രാമചന്ദ്രൻ, പി.സി. സാബു, ഐ.വി. കുഞ്ഞിരാമൻ, മാധവൻ, പി.വി. വിനോദ് നേതൃത്വം നൽകി.

തളിപ്പറമ്പ: സർ സയ്യിദ് ഹയർ സെക്കണ്ടറി എൻ.എസ്.എസ് വളണ്ടിയർമാർ ഗാന്ധിജയന്തി ദിനത്തിൽ താലൂക്കാശുപത്രി പരിസരം ശുചീകരിച്ചു. 'ശുചിത്വം തന്നെ സേവനം' എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് ശുചിത്വ ബോധവൽക്കരണ റാലി നടത്തി. ഉദ്ഘാടനം തളിപ്പറമ്പ നഗരസഭ ചെയർമാൻ മഹമൂദ് അള്ളാം കുളം നിർവ്വഹിച്ചു. പ്രിൻസിപ്പൾ എം . അബ്ദുൽ മുത്തലിബ്, പ്രോഗ്രാം ഓഫീസർ പി.എസ്.അൻവർ, സ്കൗട്ട് മാസ്റ്റർ വി.കെ.ബഷീർ, ഗൈഡ് ടീച്ചർ എസ്.കെ.ആബിദ, സി.മുഹമ്മദ് സിറാജ് സംസാരിച്ചു.

ആലക്കോട്: ഗാന്ധിജയന്തി ദിനാചരണത്തോടനുബന്ധിച്ച് ആല ക്കോട് ജയഗിരി മഹാത്മാ ജനശ്രീ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആലക്കോട്-ജയഗിരി റോഡിന്റെ ഇരുവശങ്ങളും ശുചീകരിച്ചു. ചെയർമാൻ കുട്ടിയച്ചൻ കുഴിക്കാട്ടുതാഴെ, സെക്രട്ടറി അനില കൈപ്പ നാപള്ളി നേതൃത്വം നൽകി.

ശ്രീകണ്ഠപുരം: എള്ളരിഞ്ഞി എ.എൽ.പി.സ്കൂളിൽ ഗാന്ധിജയന്തി ആഘോഷം പ്രഥമധ്യാപകൻ കെ.പി.വേണുഗോപാലൻ ഉദ്ഘാടനം ചെയ്തു.പി.രാജേഷ് അധ്യക്ഷത വഹിച്ചു. എം.സി.ശ്രീജിത്ത്, സി.പി.അനിതകുമാരി, സി.രേണുക, പി.അശ്വതി, സ്കൂൾ ലീഡർ കലാധരൻ.ആർ.നായർ എന്നിവർ സംസാരിച്ചു. ഗാന്ധി ക്വിസ്, ഗാന്ധി പതിപ്പു നിർമാണം, അനുസ്മരണ സമ്മേളനം, സമൂഹപ്രാർഥന, ഗാന്ധിജിയുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന എന്നിവ നടന്നു.

എസ്.കെ.എസ്.എസ്.എഫ് പ്രവർത്തകർ പള്ളിച്ചാൽ ടൗൺ ശുചീകരിക്കുന്നു

പയ്യാമ്പലം പാർക്ക്; സന്ദർശക താല്പര്യം ബലികഴിക്കരുതെന്ന് ടൂറിസം ക്ലബ്

കണ്ണൂർ: പയ്യാമ്പലം പാർക്ക് ഡി.ടി.പി.സിക്ക് നടത്തിപ്പിന് വിട്ടു കൊടുത്ത കോർപ്പറേഷൻ നടപടിയെ സ്വാഗതം ചെയ്യുകയും, വരു മാനത്തിൽ മാത്രം കണ്ണുനട്ടു സന്ദർശക താല്പര്യം ബലികഴിക്ക രുതെന്ന് ജില്ലാ ടൂറിസം ക്ലബ് വാർഷിക ജനറൽബോഡിയോഗം ഡി.ടി.പി.സിയോട് അഭ്യർത്ഥിച്ചു. പ്രസിഡണ്ട് എ.പ്രേമന്റെ അധ്യ ക്ഷതയിൽ ക്ലബ് രക്ഷാധികാരി പി.കെ.പ്രേമരാജൻ ഉദ്ഘാടനം ചെയ്തു. ഉത്തരമലബാറിൽ മെമു സർവീസ് ആരംഭിക്കണമെന്നും മംഗലാപുരം വഴിയുള്ള ബാംഗ്ലൂർ ട്രെയിൻ പുനഃസ്ഥാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഭാരവാഹികളായി എ.പ്രേമൻ (പ്രസിഡണ്ട്), പി.കെ.പ്രേമരാജൻ (രക്ഷാധികാരി), കെ.എച്ച്.ജോൺ, സി.എം.അശോ ക്കുമാർ (വൈസ് പ്രസിഡണ്ട്), എം.പി.കൃഷ്ണദാസ് (സെക്രട്ടറി), കെ.ലതിക, എം.വിനോദ് (ജോ.സെക്രട്ടറി), എം.ഗിരിജ (ട്രഷറർ), പി. വി.നളിനി (ഓഡിറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

വിഖായ ദിനം ആചരിച്ചു

ചെറുകുന്ന്: വിഖായ ദിനത്തോടനുബന്ധിച്ച് എസ്.കെ.എസ്. എസ്.എഫ് പള്ളിച്ചാൽ ശാഖ എസ്.കെ.എസ്.എസ്.എഫ് കമ്മിറ്റി യുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. വിഖായ ലക്ഷദീപ് ചെയർമാൻ ഖാജാ റഫ്മാൻ ദാരിമി ഉദ്ഘാ ടനം ചെയ്തു. ശാഖാ പ്രസിഡണ്ട് എ.സി.ഫയാസ് അധ്യക്ഷത വഹിച്ചു. സന്നദ്ധ സേവനം നടത്തിയവർക്കുള്ള ഉപഹാരം വിഖായ ജില്ലാ കൺവീനർ സാഹർ മടക്കര വിതരണം ചെയ്തു. കൺവീനർ കെ.ടി. ഹാറൂൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വി. പി.മിദ്ലാജ്, വി.പി.ഹസീബ് സംസാരിച്ചു. എം.വി.അഫ്സൽ സ്വാഗതവും എം.കെ.നിസാം നന്ദിയും പറഞ്ഞു. പ്രവർത്തകർ പള്ളിച്ചാൽ ടൗൺ ശുചീകരിക്കുകയും ചെയ്തു.

എളമ്പേരം മുത്തപ്പൻ മടപ്പുര തിരുവപ്പന ആറ് മുതൽ

തളിപ്പറമ്പ: എളമ്പേരം മുത്തപ്പൻ മടപ്പുരയിലെ നേർച്ച തിരുവ പ്പന വെള്ളാട്ടം 6, 7 തീയതികളിൽ നടത്തപ്പെടും. 6ന് വൈകു ന്നേരം 4 മണിക്ക് ദൈവത്തെ മലയിറക്കൽ, 6 മണിക്ക് മുത്തപ്പൻ വെള്ളാട്ടം, രാത്രി 11ന് അന്തിവേലയും കലശം എഴുന്നള്ളത്തും. 7ന് പുലർച്ചെ 5 മണിക്ക് തിരുവപ്പന വെള്ളാട്ടം നടക്കും.

ശബരിമല വിധിയെ പക്വതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ സർക്കാർ ഭവിഷത്ത് അനുഭവിക്കും: കെ. സുധാകരൻ

കണ്ണൂർ: ശബരിമലയിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധിയെ പക്വതയോടെ കൈകാര്യം ചെയ്യാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നില്ലെങ്കിൽ തമിഴ്നാടിനെ പിടിച്ചുലച്ച ജെല്ലിക്കെട്ട് വിധിയുടെ ഭവിഷത്തുണ്ടാകുമെന്ന് കെ.പി.സി.സി. വർക്കിങ് പ്രസിഡണ്ട് കെ.സുധാകരൻ അഭിപ്രാ യപ്പെട്ടു.പ്രസ് ക്ലബിൽ മീറ്റ് ദി പ്രസ് പരിപാ ടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോടതി വിധി നടപ്പാക്കാൻ തമിഴ്നാട് സർക്കാർ കാണിച്ച ധൃതിയാണ് തമിഴ്നാട്ടിൽ കലാപമുണ്ടാക്കിയത്. ഇവിടെയും സർക്കാർ ധൃതിപിടിച്ച നടപടികളാണ് വിധി നടപ്പാക്കാൻ സ്വീകരിക്കുന്നത്. പതിനെട്ടാം പടിയിൽ വനിതാ പോലീസിനെ നിയോഗിക്കാൻ ഭക്തർ അനുവദിക്കുമോയെന്ന് ഗൗരവപൂർവം പരിശോധിക്കണം. വിധിക്കെതിരേ സുപ്രീം കോടതിയിൽ റിവ്യൂ ഹരജി നൽകാൻ സർക്കാർ തയ്യാറാകണം. ദൈവവിശ്വാസമില്ലാത്ത അവിശ്വാസികളായ കമ്യൂണിസ്റ്റുകാരുടെ ഭരണകാലത്ത് വിശ്വാസികൾ വിശ്വാസ സംരക്ഷണത്തിനായി കലാപത്തിനിറങ്ങുന്ന ഗതികേടുണ്ടാകരുത്.

ഹിന്ദു മതത്തിന്റെ വിശ്വാസ പ്രമാണങ്ങളുമായി ബന്ധപ്പെട്ട പുതിയ വിധി നാളെ മറ്റ് മതങ്ങളുടെ ഉള്ളറകളിലും കയറിയിറങ്ങി നിയന്ത്രിക്കാനുള്ള അവസരമാണ് കോടതി ഉണ്ടാക്കുന്നത്. നാളെ കുമ്പസാരം പാടില്ലെന്ന് കോടതി പറഞ്ഞാൽ എന്താകും സ്ഥിതി. വൈവിധ്യങ്ങളിലധിഷ്ഠിതമായ ആചാരങ്ങളിൽ കോടതി ഇടപെട്ടാൽ അവസര വാദികൾ മുതലെടുക്കും. ഭരണഘട നാനുസൃതമായി ആചാരങ്ങളെ നിലനിർത്താ നാണ് സർക്കാർ ശ്രമിക്കേണ്ടത്. അദ്ദേഹം പറ ഞ്ഞു. പ്രസ് ക്ലബ് പ്രസിഡണ്ട് എ.കെ.ഹാരിസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി പ്രശാന്ത് പുത്തലത്ത് സ്വാഗതവും സി.സുനിൽകുമാർ നന്ദിയും പറഞ്ഞു. ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി സംബന്ധിച്ചു.

ജയഗിരി സ്വാശ്രയ സംഘം തുക നൽകി

ആലക്കോട്: പ്രളയക്കെടുതിയിൽ ദുരിതം പേറുന്നവരെ സഹായിക്കുന്നതിനായി മുഖ്യമ ന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജയഗിരി സ്വാശ്രയ സംഘം പതിനായിരം രൂപ സംഭാവന നൽകി. സംഘം രക്ഷാധികാരി കെ.ജി.ശശിധ രൻ, പ്രസിഡണ്ട് വി.പി.സാബു, സെക്രട്ടറി വി. പി.മനോജ് എന്നിവർ ചേർന്ന് തുക ആലക്കോട് സബ് ട്രഷറി ഓഫീസർക്ക് കൈമാറി.

ബേക്കേഴ്സ് അസോസിയേഷന്റെ ജില്ലാ കൺവെൻഷനും കുടുംബസംഗമവും മന്ത്രി ഇ.പി.ജയ രാജൻ ഉദ്ഘാടനം ചെയ്യുന്നു

ബേക്കേഴ്സ് അസോസിയേഷൻ ജില്ലാ കൺവെൻഷനും കുടുംബസംഗമവും സംഘടിപ്പിച്ചു

തളിപ്പറമ്പ: ബേക്കേഴ്സ് അസോസിയേഷൻ 'രുചിക്കൂട്ടം' ജില്ലാ കൺവെൻഷനും കുടുംബ സംഗമവും സംഘടിപ്പിച്ചു. വ്യവസായി മന്ത്രി ഇ. പി.ജയരാജൻ ഉദ്ഘാടനം ചെയ്തു. ബേക്കേഴ്സ് ഫെഡറേഷൻ പ്രസിഡണ്ട് പി.എം.ശങ്കരൻ അധ്യ ക്ഷത വഹിച്ചു. നഗരസഭ ചെയർമാൻ അള്ളാം കുളം മഹമൂദ്, എം.പി.രമേശൻ, കെ.ആർ.ബാലൻ, വിജേഷ് വിശ്വനാഥ്, സി.അൻപുരാജ്, റോയൽ നൗഷാദ്, എ.കെ.ഫൗസീർ, കെ.ഷൗക്കത്തലി, കെ.ആർ.ബൻരാജ്, എം.കെ.രഞ്ജിത്ത്, കെ.എസ്. റിയാസ്, കെ.എ.ലത്തീഫ് സംസാരിച്ചു. പ്രളയ ബാധിത മേഖലകളിൽ ബേക്കിന്റെ നേതൃത്വ ത്തിൽ 20 വീടുകൾ നിർമ്മിച്ചു നൽകുന്നതിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. പ്രളയബാ ധിത പ്രദേശത്ത് രക്ഷാപ്രവർത്തനം നടത്തിയ വരെ ചടങ്ങിൽ ആദരിച്ചു. കുടുംബസംഗമം ജയിംസ് മാത്യു എം. എൽ.എ ഉദ്ഘാടനം ചെയ്തു. യു.പി.ഷബിൻകുമാർ അധ്യക്ഷത വഹി ച്ചു. പി.എ.വേണുഗോപാൽ, എം.കെ.മനോഹരൻ, സംഗീത വിശ്വനാഥൻ, അഞ്ജു ശ്രീനാഥ്, സി.ച ന്ദ്രൻ, എം.പി.ഗോപിനാഥൻ, സി.ഗോവിന്ദൻ, കെ. എൻ.ബാസിത്തല സംസാരിച്ചു.

ശ്രീകണ്ഠപുരത്ത് യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ടിന്റെ സ്ഥാനാരോഹണം കെ.സി ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

യൂത്ത് കോൺഗ്രസ് ഇരിക്കൂർ നിയോജകമണ്ഡലം പ്രസിഡണ്ട് ചുമതലയേറ്റു

ശ്രീകണ്ഠപുരം: യൂത്ത് കോൺഗ്രസ് ഇരിക്കൂർ നിയോജകമണ്ഡലം പ്രസിഡണ്ട് കെ. പി. ലിജേ ഷിന്റെ സ്ഥാനാരോഹണവും ഗാന്ധിജയന്തി ദിനാചരണവും ശ്രീകണ്ഠപുരം ഇന്ദിരാഭവനിൽ കെ. സി. ജോസഫ് എം എൽ എ ഉൽഘാടനം ചെയ്തു. ബിജേഷ് ആന്റണി അധ്യക്ഷത വഹിച്ചു. യൂത്ത് കോൺഗ്രസ് പാർലമെന്റ് മണ്ഡലം പ്രസിഡണ്ട് റിജിൽ മാക്കുറ്റി ഗാന്ധി അനുസ്മരണ പ്രഭാഷണം നടത്തി, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട മുഹ്സിൻ കത്തിയോടിനുള്ള അനുമോദനം അഡ്വ സോണി സെബാസ്റ്റ്യൻ നിർവഹിച്ചു, പി. ടി. മാത്യു, തോമസ് വെക്കത്താനം,നഗരസഭ ചെയർമാൻ പി പി രാഘവൻ, ജോഷി കണ്ടത്തിൽ,നൗഷാദ് ബ്ലാത്തൂർ, പി. ജെ. ആന്റണി, ഡോ:കെ.വി.ഫിലോമിന, കെ.പി. ഗംഗാധരൻ, എം.ഒ. മാധവൻ,ബിജു പുളിയൻതൊട്ടി ഒ. കെ. പ്രസാദ്, അഡ്വ രഞ്ചൻ മാത്യു, പി.പി.ചന്ദ്രാംഗദൻ, ജിത്തു തോമസ്, കെ. കമൽജിത്, ജെസ്റ്റിസൺ ചാണ്ടിക്കൊല്ലി, രഞ്ജിത് നടുവിൽ, അഡ്വ.ഇ. വി. രാമകൃഷ്ണൻ, അഡ്വ സുനിൽ കുമാർ, വി. വി. സന്തോഷ്, പൗളിൻ തോമസ്, സോജൻ കരാമയിൽ, പി.നസീമ അൻസിൽ വാഴപ്പള്ളി, ജോബിൻ സംസാരിച്ചു .

പെരുമളാബാദ് മഹല്ല് ഭാരവാഹികളും വിദ്യാർത്ഥികളും പെരുവണയിൽ ആതുരാലയം സന്ദർശിച്ചപ്പോൾ

ആതുരാലയത്തിൽ കഴിയുന്നവർക്ക് ആശ്വാസമായി വിദ്യാർത്ഥികളെത്തി

ചപ്പാരപ്പടവ്: പെരുവണയിലെ ആതുരാലയ ത്തിൽ കഴിയുന്നവർക്ക് ആശ്വാസമായി വിദ്യാർത്ഥി സംഘടനകൾ എത്തി. പെരുവണ നശാന്ത് കോംപ്ലക്സിലെ ആതുരാലയമാണ് പെരുമളാബാദ് ശാഖ എസ്.കെ.എസ്.ബി.വി, എസ്.കെ.എസ്.എസ്.എഫ്, എസ്.വൈ.എസ് പ്രവർത്തകരും മഹല്ല് ഭാരവാഹികളുമടങ്ങിയ 21 അംഗ സംഘം എത്തിയത്. ആതുരാലയത്തിലു ള്ളവർക്ക് പലഹാരങ്ങളും ഉച്ച ഭക്ഷണവും നൽകിയ ശേഷം കലാപരിപാടികൾ സംഘടിപ്പി ക്കുകയും ചെയ്തു. മഹല്ല് സെക്രട്ടറി കെ.സി.മു ഹമ്മദ്കുഞ്ഞി, എസ്.വൈ.എസ് പ്രസിഡണ്ട് അനസ് മൗലവി, ഇർഫാൻ, മിഖ്ദാദ്, റാഷിദ് മാസ്റ്റർ, ശാഖാ പ്രസിഡണ്ട് ജുനൈദ് വാഫി, ഹാഫിള് ഷിബിലി ഫൈസി, സുലൈമാൻ ഹുദ വി, റാഷിദ് അസ്അദി സംബന്ധിച്ചു.

മലയോരത്തെ ജോലി തട്ടിപ്പ്: ഡി.വൈ.എഫ്.ഐ മുഖ്യമന്ത്രിക്ക് പരാതി നൽകി

ആലക്കോട്: കണ്ണൂർ വിമാനത്താവളത്തിൽ ജോലി വാഗ്ദാനം ചെയ്ത് മലയോരത്തെ നിര വധി പേരിൽ നിന്നായി ലക്ഷങ്ങൾ തട്ടിയെടുത്ത സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി മുഴു വൻ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്നാവശ്യ പ്പെട്ട് ഡി.വൈ.എഫ്.ഐ ആലക്കോട് ബ്ലോക്ക് കമ്മിറ്റി മുഖ്യമന്ത്രി, കണ്ണൂർ എസ്.പി, കലക്ടർ എന്നിവർക്ക് പരാതി നൽകി. തൊഴിൽ തേടി അലയുന്ന യുവതി-യുവാക്കളെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയെടുക്കുന്ന സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്ന് പരാതിയിൽ ആവശ്യപ്പെട്ടു. ബ്ലോക്ക് പ്രസിഡണ്ട് പി. സന്ദീപ്, സെക്രട്ടറി കെ. പി. മൊയ്തീൻ എന്നിവരുടെ നേതൃത്വത്തിലാണ് പരാതി നൽകിയത്. എൻ.സി.പി. നേതാവ് ആല പ്പുഴ ചമ്പക്കുളത്തെ പി.ആർ. സലിംകുമാർ ഉൾപ്പെട്ട സംഘമാണ് മലയോരത്ത് ജോലി തട്ടിപ്പ് നടത്തി ഒരു കോടിയോളം രൂപ നിരവധി പേരിൽ നിന്നായി തട്ടിയെടുത്തത്. സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം ഇപ്പോൾ നടന്നുവ രികയാണ്. തട്ടിപ്പ് കേസിലെ ഒന്നാം പ്രതിയായ സലിംകുമാർ ഒളിവിലാണ്.

ആന്തൂർ നഗരസഭയുടെ നേതൃത്വത്തിൽ നടന്ന പറശിനി പുഴയോര ശുചീകരണം കലക്ടർ മീർ മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു.

തളിപ്പറമ്പ: അമൃത്സറിൽ നടന്ന നാലാം ബയോ സ്കോപ്പ് ഗ്ലോബൽ ചലച്ചിത്ര മേളയിൽ ചന്ദ്രൻ നരിക്കോ ടിന് മികച്ച സംവിധായക നുള്ള പുരസ്കാരം ലഭിച്ചു. ആർ. മണികണ്ഠൻ ആചാ രിക്ക് മികച്ച നടനുള്ള അവാർഡ് ലഭിച്ചു. പാതി ചിത്ര ത്തിന്റെ സംവിധനത്തിനാണ് ചന്ദ്രൻ നരിക്കോടിനും കെ. പി.വ്യാസൻ സംവിധാനം ചെയ്ത അയാൾ ജീവിച്ചിരി പ്പുണ്ട് എന്ന ചിത്രത്തിലെ അഭിനയത്തിനാണ് മണിക ണ്ഠനും അവാർഡ് ലഭിച്ചത്.

ഋതാംബര ചറ്റർജിയുടെ 'ദ ഗോൾഡൻ മൗണ്ടൻ' ആണ് മികച്ച ചിത്രം. ഇതിലെ അഭി നയത്തിന് തനൂജ മികച്ച നടി യായി. വിവിധ രാജ്യങ്ങളിൽ നിന്നായി 115 ഓളം ചിത്രങ്ങ ളാണ് മേളയിലെ മത്സര ഇന ത്തിൽ പ്രദർശിപ്പിച്ചത്. തളിപ്പ റമ്പ് സ്വദേശി വിജേഷ് വിശ്വ മാണ് പാതിയുടെ തിരക്കഥാ കൃത്ത്. ഗോപകുമാർ കുഞ്ഞി വീട്ടിൽ ആണ് നിർമ്മാതാവ്

മികച്ച സംവിധായകനുള്ള പുരസ്കാരം ചന്ദ്രൻ നരിക്കോടിന്

പൂവഞ്ചാലിൽ വ്യാജമദ്യ വിൽപ്പനയെന്ന് പരാതി

ആലക്കോട്: പൂവഞ്ചാൽ ടൗണും പരിസരങ്ങളും കേന്ദ്രീകരിച്ച് വ്യാജ മദ്യത്തിന്റെയും നിരോധന പുകയില ഉൽപ്പന്നങ്ങളുടെയും വിൽപ്പന വ്യാപകമായതായി പരാതി. വ്യാജ മദ്യവിൽപ്പനയു ടെയും പരസ്യ മദ്യപാനത്തിന്റെയും മറവിൽ സാമൂഹ്യവിരുദ്ധ സംഘങ്ങൾ അഴിഞ്ഞാടുന്നതായും പരാതിയുണ്ട്. പോലീസ്-എക്സൈസ് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണ മെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

പറശിനിക്കടവ് പുഴയോരം ശുചീകരിച്ചു

ധർമ്മശാല: സ്വിച്ച് ഹി സേവാ ക്യാമ്പയിന്റെ ഭാഗമായി ആന്തൂർ നഗരസഭയുടെ ആഭിമുഖ്യത്തിൽ പറശിനിക്കടവ് പുഴയോരം ശുചീ കരിച്ചു. കമ്പിൽക്കടവിൽ കലക്ടർ മീർ മുഹമ്മദലി ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൺ പി.കെ.ശ്യാമള ടീച്ചർ അധ്യ ക്ഷയായി. കെ.രവീന്ദ്രൻ, കെ.പി.ശ്യാമള, വി.പുരുഷോത്തമൻ, എ. പ്രിയ, കെ.രാജേഷ്, ഇ.കെ.സോമൻ, ശുചിത്വമിഷൻ ജില്ലാ കോർഡി നേറ്റർ അഭിജിത്ത് സംസാരിച്ചു. വൈസ് ചെയർമാൻ കെ.ഷാജു സ്വാഗതവും സെക്രട്ടറി എം.കെ.ഗിരീഷ് നന്ദിയും പറഞ്ഞു.

വിൽപ്പനക്ക്

തളിപ്പറമ്പ് കുറ്റിക്കോലിൽ 18,33,36,50 സെന്റ് സ്ഥലവും മരങ്ങളും വിൽപ്പനക്ക്. അടക്ക പാട്ടത്തിന്. 04972780550

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

ബഹുമാനപ്പെട്ട തളിപ്പറമ്പ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ
O.P.(M.V)No.171/2018

മുഹമ്മദ് സൂഫിയാൻ അനീഷ് മുതൽ പേർ - ഹരജിക്കാരൻ - എതൃകക്ഷികൾ
ഫൈസൽ. കെ, S/o. മൊയ്തീൻ പി. കൊടയേകര ഹൗസ്, കണ്ണംകൈ, എടക്കോം പി.ഒ, ചപ്പാരപ്പടവ് വഴി, കണ്ണൂർ ജില്ല } 2-ാം എതൃകക്ഷി

മേൽ നമ്പറിലെ ഹരജിക്കാരന് വാഹനാപകടത്തിൽ സാരമായി പരിക്ക് പറ്റിയതി നാൽ ഹരജിക്കാരൻ നഷ്ട പരിഹാരം ലഭിക്കുന്നതിനായി ഈ ട്രൈബ്യൂണൽ മുമ്പാകെ മേൽ നമ്പറായി ബോധിപ്പിച്ച കേസിൽ 2-ാം എതൃകക്ഷി പേരിലുള്ള നോട്ടീസ് കല്പന പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 06-10-2018 തീയതിക്ക് വിചാരണയ്ക്ക് വെച്ചിരിക്കുന്നു. അതിനാൽ ടി തീയതിക്ക് കാലത്ത് 11 മണിക്ക് 2-ാം എതൃകക്ഷി നേരിട്ടോ, വക്കീൽ മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജ രാകാത്ത പക്ഷം 2-ാം എതൃകക്ഷിയെ എക്സ് പാർട്ടിയാക്കി മേൽ ഹരജി കാര്യം തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, കല്പന പ്രകാരം,
വി. എ. സതീഷ്
ഹരജിക്കാരൻ ഭാഗം അഡ്വക്കറ്റ്